മൽസ്യബന്ധനം ജീവിതമാർഗ്ഗമാക്കിയവരുടെ അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരം

48 [6014] ഡോ. തോമസ് ഐസക്ക്:
ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:
,, മത്തായി ചാക്കോ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യബന്ധനം ജീവിതമാർഗ്ഗമാക്കിയവരുടെ അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരം ഉയർത്തുന്നതിന് തയ്യാറാക്കപ്പെട്ട പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) മൽസ്യബന്ധനം ജീവിതമാർഗ്ഗമാക്കിയവർ എത്ര;

(സി) അതിൽ എത്ര പേർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിന്റെ ഫലം ലഭിക്കുകയുണ്ടായി;

(ഡി) ഈ പദ്ധതി നടത്തിപ്പിനുവേണ്ടി മാത്രമായി തന്നാണ്ടിലെ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട്;

(ഇ) ഈ പദ്ധതിയുടെ ഭാഗമായി എത്ര വീടുകൾ നിർമ്മിച്ചു; എത്ര റോഡുകൾ നിർമ്മിച്ചു; എത്ര കുടിവെള്ള പദ്ധതികൾ നടപ്പാക്കി?

ഉത്തരം

(എ) സംസ്ഥാനത്ത് മൽസ്യത്തൊഴിലാളി മേഖലയുടെ സമഗ്ര വികസനം കണക്കിലെടുത്ത് 505 കോടി രൂപ ചെലവുവരുന്ന ഒരു ബൃഹത് പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഏകദേശം 2.25 ലക്ഷം പേർ.

(സി) കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ സഹായ പദ്ധതി പ്രകാരവും 2002-2003 വർഷം നടപ്പിലാക്കിയ "തീരസമൃദ്ധി" പദ്ധതിപ്രകാരവും ഒരു നല്ല വിഭാഗം മൽസ്യത്തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) 228 ലക്ഷം രൂപ.

(ഇ) 505 കോടി രൂപയുടെ പദ്ധതി, കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി ഈ വർഷം നടപ്പിലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly